**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 163** **30-09-2025 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,**<br>**ശ്രീ. പി. മമ്മിക്കുട്ടി,**<br>**ശ്രീ. എം.വിജിൻ,**<br>**ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഒരു തദ്ദേശ സ്ഥാപനത്തിലെ പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അവർ മറ്റൊരു തദ്ദേശ സ്ഥാപന പരിധിയിൽ സ്ഥലം കണ്ടെത്തി വീട് വെച്ചാലും തുക അനുവദിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കൾ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപന ത്തിൽ ഭൂമി ആർജ്ജിക്കുന്ന പക്ഷം സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോ ക്താവിനെ തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടുള്ള 15.11.2022-ലെ സ.ഉ. (സാധാ) നം. 2808/2022/ എൽ.എസ്.ജി.ഡി ഉത്തരവ്, പി.എം.എ. വൈ. (ജി) പദ്ധതിക്ക് കൂടി ബാധകമാക്കി ക്കൊണ്ട് 02.08.2025-ലെ സ.ഉ.(സാധാ) നം.1904/2025/ എൽ.എസ്.ജി.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ലൈഫ് പദ്ധതി പ്രകാരം ഗുണഭോക്താവിന് മറ്റൊരു പഞ്ചായത്തിൽ വീട് വെച്ചാലും തുക നൽകുന്നതിൽ തടസ്സമുണ്ടോ; | (ബി) | ഇല്ല.<br><br>തദ്ദേശസ്വയംഭരണ സ്ഥാപന ത്തിലെ ഗുണഭോക്താ ക്കൾ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഭൂമി ആർജ്ജിച്ചാലും ഇത്തരം ഗുണഭോക്താ ക്കളെ തെരഞ്ഞെടുക്കുന്ന തദ്ദേശസ്വയം ഭരണ സ്ഥാപന ത്തിൽ നിന്നും ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും ഭൂമി ലഭ്യമായ സ്ഥലത്ത് വീട് വയ്ക്കുന്നതിനുള്ള തദ്ദേശസ്ഥാപന വിഹിതം ഹഡ്കോ ലോൺ എന്നീ ഇനങ്ങളിൽ അർഹമായ തുകയും ഗുണഭോക്താവിനെ തെരഞ്ഞെ ടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഗുണഭോക്താ വായി തന്നെ ടി ഗുണഭോക്താക്കളെ നിലനിർത്തി ഭവനനിർമ്മാണം നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥപന ത്തിൽ |

| | | | |
|---|---|---|---|
| | | | നിന്നുള്ള സ്റ്റേജ് സർട്ടിഫിക്കറ്റിൻറെ അടിസ്ഥാനത്തിൽ ഗുണഭോക്താവിനെ തെരഞ്ഞെടുത്ത തദ്ദേശസ്വയം ഭരണ സ്ഥാപനം തന്നെ ഗുണഭോക്താവിന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് 15.11.2022-ലെ സ.ഉ (സാധാ) നം. 2808/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട് അതിനാൽ ലൈഫ് പദ്ധതി പ്രകാരം ഗുണഭോക്താവിന് മറ്റൊരു പഞ്ചായത്തിൽ ഭൂമി വാങ്ങിയാലും വീട് വെച്ചാലും തുക നൽകുന്നതിന് യാതൊരു തടസ്സവും ഇല്ല. ഈ തീരുമാനം എല്ലാവർക്കും വീട് എന്ന ലൈഫ് ഭവനപദ്ധതി ലക്ഷ്യത്തിലെത്താൻ കൂടുതൽ സഹായകരമായിട്ടുണ്ട് |
| (സി) | എല്ലാവർക്കും അടച്ചുറപ്പുള്ള വീട് എന്ന ലക്ഷ്യത്തിലെത്താൻ പ്രസ്തുത തീരുമാനം കൂടുതൽ സഹായകരമായിട്ടുണ്ടോ; | (സി) | ഇല്ല.<br><br>തദ്ദേശസ്വയംഭരണ സ്ഥാപന ത്തിലെ ഗുണഭോക്താ ക്കൾ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഭൂമി ആർജ്ജിച്ചാലും ഇത്തരം ഗുണഭോക്താ ക്കളെ തെരഞ്ഞെടുക്കുന്ന തദ്ദേശസ്വയം ഭരണ സ്ഥാപന ത്തിൽ നിന്നും ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും ഭൂമി ലഭ്യമായ സ്ഥലത്ത് വീട് വയ്ക്കുന്നതിനുള്ള തദ്ദേശസ്ഥാപന വിഹിതം ഹഡ്കോ ലോൺ എന്നീ ഇനങ്ങളിൽ അർഹമായ തുകയും ഗുണഭോക്താവിനെ തെരഞ്ഞെ ടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഗുണഭോക്താ വായി തന്നെ ടി ഗുണഭോക്താക്കളെ നിലനിർത്തി ഭവനനിർമ്മാണം നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥപന ത്തിൽ നിന്നുള്ള സ്റ്റേജ് സർട്ടിഫിക്കറ്റിൻറെ അടിസ്ഥാനത്തിൽ ഗുണഭോക്താവിനെ തെരഞ്ഞെടുത്ത തദ്ദേശസ്വയം ഭരണ സ്ഥാപനം തന്നെ ഗുണഭോക്താവിന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് 15.11.2022-ലെ സ.ഉ (സാധാ) നം. 2808/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട് അതിനാൽ ലൈഫ് പദ്ധതി പ്രകാരം ഗുണഭോക്താവിന് മറ്റൊരു പഞ്ചായത്തിൽ ഭൂമി വാങ്ങിയാലും വീട് വെച്ചാലും തുക നൽകുന്നതിന് യാതൊരു തടസ്സവും ഇല്ല. ഈ തീരുമാനം എല്ലാവർക്കും വീട് എന്ന ലൈഫ് ഭവനപദ്ധതി ലക്ഷ്യത്തിലെത്താൻ കൂടുതൽ സഹായകരമായിട്ടുണ്ട് |
| (ഡി) | പി. എം. എ. വൈ. -ജി. (പ്രധാനമന്ത്രി ആവാസ് യോജന - ഗ്രാമീൺ), പി. എം. എ. വൈ. -യു. | (ഡി) | പി.എം.എ.വൈ (ജി) (പ്രധാനമന്ത്രി ആവാസ് യോജന - ഗ്രാമീൺ) പദ്ധതി പ്രകാരം ഒരു വീടിന് |

| | | | |
|---|---|---|---|
| | (പ്രധാനമന്ത്രി ആവാസ് യോജന -അർബൻ) തുടങ്ങിയ പദ്ധതികളിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ; | | യൂണിറ്റ് കോസ്റ്റ് ആയി 1,20,000/- രൂപയാണ് കേന്ദ്ര സംസ്ഥാന വിഹിതമായി അനുവദിക്കുന്നത്. ഇതിൽ കേന്ദ്ര വിഹിതം 72,000/- രൂപയും സംസ്ഥാന വിഹിതം 48,000 രൂപയും 60:40 എന്ന അനുപാതത്തിലാണ്. എന്നാൽ കേരളത്തിൽ പി.എം.എ.വൈ (ജി) പദ്ധതി ലൈഫ് ഭവന പദ്ധതിയോടൊപ്പം സംയോജി പ്പിച്ച് നടപ്പിലാക്കിയതിനാൽ യൂണിറ്റ് കോസ്റ്റ് ഒരു വീടിന് ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം എന്നിവർക്ക് 4,00,000/- രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് അകത്തും സമീപത്തും, ദുർഘട പ്രദേശങ്ങളിലേയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഭവന നിർമ്മാണത്തിന് യൂണിറ്റ് കോസ്റ്റ് 6,00,000/- രൂപയുമാണ്. ഇതിൽ ജനറൽ, എസ്.സി, എസ്.ടി എന്നിവർക്ക് അവശേഷിക്കുന്ന 2,80,000 രൂപ ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായ ത്തുകൾ 25:40:35 എന്ന അനുപാതത്തിൽ സംസ്ഥാന സർക്കാർ അനുവദിക്കുന്ന വികസന ഫണ്ടിൽ നിന്നും വകയിരുത്തി ഗുണഭോക്താ ക്കൾക്ക് ഭവനനിർമ്മാണ ധനസഹായമായി 4,00,000 രൂപ അനുവദിക്കുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള 6,00,000/- രൂപയിൽ അവശേഷിക്കുന്ന 2,00,000/- രൂപ തദ്ദേശസ്വയംഭരണ വകുപ്പ്/ പട്ടികവർഗ്ഗ വികസന വകുപ്പ് / ലൈഫ് മിഷൻ മുഖേന നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പി.എം.എ.വൈ (യു) (പ്രധാനമന്ത്രി ആവാസ് യോജന - അർബൻ) പദ്ധതിയിൽ യൂണിറ്റ് കോസ്റ്റായി ഒരു വീടിന് 2,00,000/- രൂപയാണ് കേന്ദ്ര/സംസ്ഥാന വിഹിതമായി നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ 1,50,000/- രൂപ കേന്ദ്ര വിഹിതവും 50,000/- രൂപ സംസ്ഥാന വിഹിതവും 75:25 എന്ന അനുപാതത്തിലാണ്. എന്നാൽ കേരളത്തിൽ ഈ പദ്ധതിയും ലൈഫ് ഭവനപദ്ധതിയോടൊപ്പം സംയോ ജിപ്പിച്ച് നടപ്പിലാക്കുന്നതിനാൽ ഗുണഭോക്താക്കൾക്ക് ഭവന നിര്മ്മാണ ധനസഹായ മിനത്തിൽ 4,00,000/- രൂപ അനുവദിക്കുന്നു. ഇതിൽ അവശേഷിക്കുന്ന 2,00,000/- രൂപ സംസ്ഥാന സർക്കാർ നഗരസഭകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിൽ നിന്നോ/ തനത് ഫണ്ടിൽ നിന്നോ വകയിരുത്തി ഗുണഭോക്താ ക്കൾക്ക് നൽകുന്നു. ടി തുക ഇപ്രകാരം കണ്ടെത്തുവാൻ കഴിയാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ ഹഡ്കോ വായ്പയിനത്തിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നു. ഈ തുകയുടെ മുതൽ തിരിച്ചടവ് തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെ വികസന ഫണ്ടിൽ നിന്നും, പലിശ സംസ്ഥാന സർക്കാരും വഹിക്കുന്നു. |
| (ഇ) | പ്രസ്തുത പദ്ധതിയനുസരിച്ച് നൽകേണ്ടുന്ന കേന്ദ്ര വിഹിതത്തിൽ നിലവിൽ എത്ര തുക കുടിശികയായിട്ടുണ്ടെന്ന് അറിയിക്കാമോ; | (ഇ) | നിലവിൽ കുടിശികയില്ല. |
| (എഫ്) | ലൈഫ് പദ്ധതി കൂടുതൽ സുതാര്യമായി നടപ്പാക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകാമോ? | (എഫ്) | ലൈഫ് ഭവനപദ്ധതി നിർവ്വഹണം വളരെ സുതാര്യമായിട്ടാണ് നടപ്പിലാക്കി വരുന്നത്. ലൈഫ് ഭവനപദ്ധതി പ്രകാരം അർഹരായ ഗുണഭോ ക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നത് മുതൽ ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് നിർമ്മാണം പൂർത്തിയാക്കുന്നത് വരെയുള്ള നടപടികളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈഫ് ഭവനപദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതലത്തിലും ജില്ല കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും കർമ്മസമിതിയും മോണിറ്ററിംഗ് സംവിധാനവും പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ